RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

DEPUTY PRESIDENT: The next resolution stands in the name of Mr. Tariatu Kunjitomman and it runs as follows:—

Kudivila on Teak Trees.

"This Council recommends to the Government that the whole amount of Kudivila on Teak Timber due to the people up to the end of 1103 be disbursed before the 1st Chingam 1105."

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): "തേക്കുതടികൾക്ക് കുടിവില ഇനത്തിൽ ക്രമം അവസാനംവരെ ഗവണ്മെന്റിൽനിന്നും കുടികൾക്ക കൊടുത്തുതീർക്കാനുള്ള കുടിവില ക്രമം 1105 ചിങ്ങം ക-ാംതീയ്യതിക്കു മുമ്പ് കൊടുത്തുതീർക്കണമെന്ന് ഈയോഗം ഗവണ്മെൻറിനോടു ശുപാർശ ചെയ്യുന്നു."

ഇതാണ് ഇവിടെഅവതരിപ്പിക്കുന്ന പ്രമേയം. ജനങ്ങൾ കരംകൊടുത്ത് അനുഭവിച്ചുവരുന്ന പുരയിടങ്ങളിൽ വളർന്നവരുന്ന തേക്കുവൃക്ഷങ്ങൾ മറ്റു കൃഷികൾക്ക് തടസ്സം ഉണ്ടാകത്തക്കവിധത്തിലാണ് അവയെ പരിരക്ഷിച്ചുകൊണ്ടുവരുന്നത്. അതിനെ മുറിയ്ക്കുകയൊ ചെറിയകൊമ്പുകൾപോലും വെട്ടുകയൊ ചെയ്യാൻപാടില്ല. അങ്ങിനെ മുറിക്കുന്ന എങ്കിൽ ഫാറസ്റ്റ് ഡിപ്പാർട്ട്മെൻറുകാർ വസ്തുഉടമസ്ഥന്റെ മേൽ കേസെടുത്ത് ശിക്ഷിപ്പിക്കും. ഇങ്ങിനെ വൃക്ഷങ്ങൾ വളർന്നുവന്നാൽ മറ്റുകൃഷികൾക്ക് ഉപദ്രവമാണ്. എങ്കിലും നികുതി കൊടുക്കണം.

ഇപ്രകാരമുള്ളസ്ഥലങ്ങളിൽനിന്നും മുറിച്ചുകൊണ്ടുപോകുന്ന വൃക്ഷങ്ങളുടെ പകുതി വില കുടികൾക്കുകൊടുക്കുന്ന എന്നൊരു ആനുകൂല്യമുണ്ട്. മറ്റുവിധത്തിൽ ഉപദ്രവം അനുഭവിച്ചുകൊണ്ടിരുന്നാലും ഒടുവിൽ പകുതിവില കിട്ടുമെന്ന് ചട്ടത്താൽ ഒരുരക്ഷഉണ്ടെല്ലോ എന്ന് സമാധാനിച്ചാണ് കഴിച്ചുകൂട്ടുന്നത്. വൃക്ഷങ്ങളുടെ വിലയിൽ പകുതി എന്നുപറയുന്നത് ഇപ്പോൾ കിട്ടിവരുന്നത് ശരിയായ വിലയുടെ ക്രമം ഭാഗം മാത്രമാണ്. അതുതന്നെയും കിട്ടുന്നതിന് പ്രയാസമായിരിക്കുന്നു. ഉടമസ്ഥന്മാർതന്നെ പകുതിവിലകൊടുത്തുകൊള്ളാമെന്ന് പറഞ്ഞാലും അവരെ മുറിക്കാൻ സമ്മതിക്കുകയില്ല. തടികളെ സമുദ്രതീരത്തുള്ള ഡിപ്പോകളിൽ വിദേശികൾക്കു വിൽക്കുന്നതുകൊണ്ട് ന്യായമായ വിലയാണ് കിട്ടിവരുന്നത്. ഈ തടികളെ ഡിപ്പോകളിൽ കൊണ്ടുപോകുന്നതിനുതന്നെ ഗവൺമെൻറിനു വലിയ ചിലവുണ്ട്. അതുകഴിച്ചാൽ കൂബിക്കടിക്ക് രണ്ടണയൊ മൂന്നണയൊ മാത്രമാണ് കിട്ടുന്നത്. ഇതിനെസംബന്ധിച്ചു കൌൺസിലിൽ ചോദ്യംചോദിച്ചതിൽ തന്നിട്ടുള്ള കണക്കുകൾകൊണ്ട് വ്യക്തമാകുന്നുണ്ട്. വസ്തു ഉടമസ്ഥന്മാർക്കുതന്നെ കൊടുക്കുകയാണെങ്കിൽ പകുതിവിലയും കിട്ടും. അത് അവർക്ക് സ്വന്തമായി ഉപയോഗിക്കയും മറ്റുള്ളവർക്കു വിൽക്കുകയും ചെയ്യാം. ഡിപ്പോകളിൽ കൊണ്ടുപോയാൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്നതിനുള്ള ചിലവുകഴിച്ചു തുച്ഛമായവിലയെ കിട്ടുകയുള്ളു. ഇവിടെ വിറ്റാൽ കിട്ടുന്നതിന്റെ ക്ല ഭാഗമെ ഡിപ്പോകളിൽ വിറ്റാൽ കിട്ടുകയുള്ളു. വൃക്ഷങ്ങളെ മുറിച്ചു കൊണ്ടുപോയി പത്തും, പതിനഞ്ചും വർഷങ്ങൾ കഴിഞ്ഞിട്ട് ആയാലും ആ തുച്ഛമായ കൂടി വിലപോലും കൊടുക്കുന്നില്ല. ഇങ്ങിനെ കൊടുക്കാതെസാധുക്കളായ കൃഷിക്കാരുടെ ആറേഴലക്ഷം രൂപാ ഗവണ്മെൻറു അധീനമാക്കി വച്ചു കൊണ്ടിരിക്കുന്നു. കൂടികളിൽ ഒരാൾ മറെറാരാളിന്റെ പണം അപഹരിച്ചു വച്ചുകൊണ്ടിരുന്നാൽ നീതിനടത്തിക്കൊടുക്കേണ്ട ഗവണ്മെൻറു സാധുകൃഷിക്കാരുടെ ഒരു വസ്തുത കൈവശമാക്കി വച്ചുകൊണ്ടിരിക്കുന്ന എന്നാണു് വന്നിരിക്കുന്നതു്. മറുള്ളവരുടെ പണം അപഹരിച്ചു വയ്ക്കണമെന്നുള്ള മനോഭാവം ഗവണ്മെൻറിനു തീരെയില്ല എന്നറിയാം. എങ്കിലും അനുഭവത്തിൽ അങ്ങിനെയാണു് കാണുന്നതു്. ആവക പണം കൊടുത്തുതീർക്കണമെന്നാണു് ഈ പ്രമേയംകൊണ്ടു ഉദ്ദേശിക്കുന്നതു്. തേക്കുതടിയുടെകാര്യം ഈ കൌൺസിലിൽ വന്നിട്ടു വളരെകാലമായി ഏഴെട്ടുകൊല്ലത്തിനുമുമ്പു ഇതിനെ സംബന്ധിച്ചു ഒരുപ്രമേയം കൊണ്ടുവരികയും അതിലേക്കു ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുകയും ആ കമ്മിറ്റി ഒരു റിപ്പോർട്ടുസമർപ്പിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ ആ റിപ്പോർട്ടു ഗവണ്മെൻറു ഇനിയും വെളിയിൽ വിടുകപോലും ഉണ്ടായിട്ടില്ല. അതുചോദിച്ചിട്ടും ഈ കൌൺസിലിൽ ഒന്നും വെളിപ്പെടുത്തീട്ടില്ല. കൊച്ചി കൌൺസിലിൽ തേക്കുതടികളെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവരികയും ഗവണ്മെൻറു തേക്കുതടികളിന്മേലുള്ള അവകാശം ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കയുംചെയ്തു. ബ്രിട്ടീഷിലും അങ്ങിനെതന്നെയാണു്.

ഇപ്പോൾ ഈ രാജ്യത്തു എന്തു നടക്കുന്നു? ചെറിയതരം തേക്കുതടികളെക്രൂടി വെട്ടിക്കൊണ്ടിരിക്കയാണു്. അതിൽ പടത്തീട്ടുള്ള മുളകുവള്ളികളെ മുറിച്ചു കളഞ്ഞു നാമാവശേഷമാക്കുകയാണു ഫ്ാറസ്റ്റ്ഡിപ്പാർട്ടുമെൻറുകാർ ചെയ്യുന്നതു്. ഉൾനാട്ടിൽ സാധുക്കളുടെ ഉപജീവനമാർഗ്ഗം പ്രധാനമായിട്ടുള്ളതു മുളകൃഷിയിൽനിന്നും കിട്ടുന്ന ആദായമാണു്. ഉൾനാട്ടിലെ ജനങ്ങളുടെ ദയനീയസ്ഥിതി ഈ സഭ ആലോചിച്ചുനോക്കണം. തേക്കു വൃക്ഷങ്ങളിൽ പടർന്നു കിടക്കുന്ന മുളകുവള്ളികളെ നിർദ്ദയം വെട്ടിമുറിച്ചു തടിവെട്ടി അതിനു സമീപമുള്ള വാഴ മുതലായ വിളവുകളേയും നശിപ്പിച്ചു ആനയെക്കൊണ്ടു പിടിപ്പിച്ചു സാധുകൃഷിക്കാരുടെ കല്ലുകയ്യാലകൾഎല്ലാം തകർത്താണു കൊണ്ടുപോകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. G. PARAMESVARAN PILLAI (*Quilon*): കടികാരക്കു ഈ ഇനത്തിൽ ചെല്ലാനുള്ള പണത്തിനു പലിശ കിട്ടുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): പലിശയുമില്ല മുതലുമില്ല. കുറെ കഴിയുമ്പോൾ കാലഹരണദോഷം കൂടി ഉണ്ടെന്നു പറയും.

തേക്കുതടി, മുളകുകൊടി പടത്താൻ പറ്റിയ വൃക്ഷമാണു്. റാന്നി, കോന്നി മണിമല മുതലായ പ്രദേശങ്ങളിൽ തേക്കുതടികളിൽ ധാരാളം മുളകുകൊടി പടത്തുന്നുണ്ടു്. നാലു ദിവസം വേല ചെയ്യാൻ സാധിക്കാത്ത ഒരു വേലക്കാരൻ അക്കാലത്തു് ഈ മുളകുകൊടികൊണ്ടു ഉപജീവനം കഴിച്ചു കൂട്ടാമെന്നു വിചാരിക്കുന്നു. അങ്ങിനെയുള്ള മുളകുകൊടികളെയാണു് വെട്ടിമുറിക്കുന്നതു്. തേക്കുതടിയിൽ ഗവണ്മെൻറിനു കിട്ടുന്ന ശുല്കാദായത്തിൽ പകുതിക്കൂടി കൂടുതൽതരാം ആ തടി വസ്തു ഉടമസ്ഥനു വാട്ടേക്കണം മുളകുകൊടിയെ നശിപ്പിക്കരുതു് എന്നു പറഞ്ഞാലും ഡിപ്പാർട്ടുമെൻറുകാർ കേൾക്കയില്ല.

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): ഈ തേക്കുതടി വെട്ടണമെന്നു നിബന്ധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): നിബന്ധമുണ്ടു്. തേക്കുതടി വെട്ടിക്കൊണ്ടു പോകരുതു്, അതിലുള്ള മുളകുകൊടി പറിച്ചുകളയരുതു്, എന്നു അനേകം സാധുകൃഷിക്കാർ പറഞ്ഞിട്ടുപോലും കേൾക്കാതെ നിർദ്ദയം തടി വെട്ടിക്കൊണ്ടുപോകുന്നുണ്ടു്. ഇതെല്ലാം കഴിഞ്ഞു തടി മുറിച്ചുകൊണ്ടുപോയാൽ ഒരു തുച്ഛമായ വില കൊടുക്കാമെന്നു പറയുന്നതുപോലും കൊടുക്കുന്നില്ല. ഇതിൽപരം വലിയ കഷ്ടമെന്താണുള്ളതു്?

ഒരുതുക കൊടുത്തു തീർത്താൽ കൃഷിക്കാക്കു മാടുവാങ്ങിക്ക മുതലായ കൃഷി ആവശ്യങ്ങളെങ്കിലും നിറവേറ്റാമായിരുന്നു. നാട്ടിൻ പുറത്തെ കൃഷിക്കാരുടെ സ്ഥിതി സാധാരണനാൾക്കുനാൾ ക്ഷയിച്ചു ദാരിദ്ര്യത്തിൽ ആണ്ടു കൊണ്ടിരിക്കുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): തടിയുടെ പകുതി വില വസ്തു ഉടമസ്ഥൻ കൊടുക്കാമെന്നു പറഞ്ഞാൽ ആ തടി ഉടമസ്ഥനു തന്നെ കൊടുക്കുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇല്ല. സമുദ്രതീരത്തുള്ള ഡിപ്പോവിൽ കൊണ്ടുപോയി വിദേശികൾക്കു കൊടുക്കയല്ലാതെ വസ്തു ഉടമസ്ഥനു കൊടുക്കയില്ല. എന്നാൽ ഉൾനാടുകളിൽ വല്ല സ്ഥലത്തുവച്ചും വില്ക്കുമോ? അതുമില്ല. ഞാൻ മുമ്പു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞതുപോലെ സമുദ്രതീരത്തുള്ള ഡിപ്പോവിൽകൊണ്ടു പോന്ന വിറ്റാൽ ശരാശരി ക്യൂബിക്കടിയൊന്നിന ഗവണ്മെൻറിന കിട്ടുന്ന ആദായം രണ്ടണയോ മൂന്നണയോ ആണ്.

മുളകുകൊടി മുറിപ്പിച്ചുകളയരുതെന്നു പറഞ്ഞാൽ അവർ വകവയ്ക്കയില്ല.

DEPUTY PRESIDENT : ഒരു വിവരം കാണിച്ചു കൺസർവേറുടെ രേഖാമൂലമായി അറിയിച്ചിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഈ വിവരം കൺസർവേറർക്കറിയാം. അദ്ദേഹം അതു നിഷേധിക്കുമെന്നു തോന്നുന്നില്ല.

MR. R. DHANUKOTI PILLAI (*Conservator of Forests*) : Sir, I emphatically deny.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : മുളകുകൊടി മുറിപ്പിച്ചു കളയുന്നു എന്നു അറിയാമെല്ലോ. എത്ര പേർ ഈ വിവരം കൺസർവേറുടെ അറിയിച്ചിട്ടുണ്ടെന്നു എനിക്കൊരുകണക്കെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ എനിക്കത് ധാരാളമായി അറിയാം. മുളകുകൊടിയുള്ള വൃക്ഷം മുറിക്കുന്നില്ലെന്ന് അദ്ദേഹത്തിനു പറയുവാൻ കഴികയില്ല.

DEPUTY PRESIDENT : ആരെങ്കിലും ഈ വിവരം കൺസർവേറുടെ രേഖാമൂലമായി അറിയിച്ചിട്ടുണ്ടോ എന്നാണ് ചോദിക്കുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : പലരും അറിയിച്ചിരിക്കും. അവർ ആരും ഇവിടെ ഇല്ല.

DEPUTY PRESIDENT : എന്നാൽ അദ്ദേഹം പറയുന്നതു വിശ്വസിക്കാനല്ലേ നിവൃത്തിയൊള്ളു?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : എനിക്കു ഈ സംഗതി അനുഭവമുണ്ട്. അനേകം ആളുകൾ കൺസർവേറുക്കു എഴുതിഅയച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്. എനിക്കു അവരുടെ വാക്കിനെ അവിശ്വസിക്കാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. എന്നെ തിരഞ്ഞെടുത്തയച്ചിരിക്കുന്ന ജനതതിയെ അവിശ്വസിക്കാൻ എനിക്കു നിവൃത്തിയില്ല.

DEPUTY PRESIDENT : ഈ പ്രമേയത്തിനും ഇതിനും തമ്മിൽ വലിയബന്ധമൊന്നുമില്ല. സങ്കടങ്ങളുടെ ക്രൂരതൽ കൊണ്ടു ഇതൊക്കെ പറയുന്നു എന്നേ വിചാരിക്കുന്നുള്ളു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : എനിക്കു ഈ സംഗതി നല്ലവണ്ണം അറിയാം. ഉപദ്രവം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു കിട്ടേണ്ടതായ ആശ്വാസമായസംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

പോലും കൊടുത്തുതീർക്കുന്നില്ല. അതുനിമിത്തം ജനങ്ങൾ അനുഭവിക്കുന്നകഷ്ടതകളെ വിവരിക്കയായിരുന്ന ഞാൻ ചെയ്തത് കുടിവില വേഗം കൊടുത്തുതീർക്കണമെന്ന മറുചില സ്നേഹിതന്മാരും ഇതിനുമുമ്പു പ്രമേയം അയച്ചിരുന്നു. അതൊന്നും ബാലട്ടിൽ കിട്ടിയില്ല. ഈ പ്രമേയംതന്നെ കഴിഞ്ഞ തുലാമാസത്തിൽ അയച്ചിട്ടുള്ളതാണ്. ഇപ്പോഴെ ബാലട്ടിൽ കിട്ടീട്ടുള്ളൂ.

MR. S. PIRAVI PERUMAL PILLAI (*Commerce and Industry, South*): Will the member give me an idea of the amount of Kudivila that will have to be paid?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): സാധുജനങ്ങളുടെ കഷ്ടതയേയും ബുദ്ധിമുട്ടിനേയും കഴിയുന്നതും വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഈ പ്രമേയത്തെ ഈ കൗൺസിലിലെ എല്ലാ മെമ്പർമാരും ഹൃദയപൂർവ്വം പിൻതാങ്ങുമെന്നുള്ള വിശ്വാസത്തോടുകൂടി കൌൺസിലിന്റെ മുമ്പാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. എനിക്ക് ഇതിനെ സംബന്ധിച്ചു അധികമൊന്നും പ്രസ്താവിക്കാനില്ല. ഗവണ്മെന്റിൽനിന്നും കുടികൾക്ക് കൊടുക്കാനുള്ള സംഖ്യക്ക് യാതൊരുവകവലിശയും ഗവണ്മെൻറിൽനിന്നും കൊടുക്കുന്നില്ല. എന്നാൽ ഗവണ്മെൻറിന് കിട്ടാനുള്ളതാണെങ്കിൽ ഒരു കൊച്ചുകാശുപോലും കുറയ്ക്കാതെ ഈടാക്കിക്കൊള്ളുകയും ചെയ്യും.

MR. R. DHANUKOTI PILLAI (*Conservator of Forests*): കുടികൾക്ക് കിട്ടാനുള്ള പണത്തിന്റെ തുക എത്രയാണെന്ന് മെമ്പർക്കു അറിയാമോ?

MR. ITTOOP ITTEECHAN (*Kunnatnad*): കുടികൾക്ക് ഏതെങ്കിലും തുക ഗവണ്മെൻറിൽനിന്നും കൊടുക്കാനുണ്ടോ?

MR. R. DHANUKOTI PILLIAI (*Conservator of Forests*): അതു ഈ ചോദ്യത്തിന് ഉത്തരമായില്ല. എന്തു കൊടുക്കാനുണ്ടെന്ന് മെമ്പക്കറിയാമോ?

MR. ITTOOP ITTEECHAN (*Kunnatnad*): കുടികൾക്ക് പണം കൊടുക്കാനുണ്ടെന്ന് എനിക്കറിയാം.

അതിനാൽ ഇനിഎങ്കിലും ഗവണ്മെൻറിൽനിന്നും കൊടുക്കാനുള്ളതു് ഉടനെ കുടികൾക്ക് കൊടുത്തുതീർക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ജനങ്ങൾക്കു കൊടുക്കാനുള്ള പണം വേഗം കൊടുത്തുതീർക്കണമെന്നുള്ള അഭിപ്രായത്തോടു കൂടി ഞാനും യോജിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മെമ്പർക്കു തേക്കുതടിയുടെ കുടിവിലഇനത്തിൽ എന്തെങ്കിലും കിട്ടാനുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : കിട്ടാനുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എത്രകാലമായി കിട്ടാനുള്ളതാണ്?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : പത്തുപന്ത്രണ്ടുകൊല്ലമായിട്ടു കിട്ടാനുണ്ട്. പുരയിടമുടമസ്ഥന്മാരുടെ അവകാശത്തെ നിർണ്ണയിക്കുന്നതിനു റവന്യൂഉദ്യോഗസ്ഥന്മാർ ഒരു സർട്ടിഫിക്കെറു കൊടുക്കേണ്ടതു വളരെ അത്യാവശ്യമാണ്. സർട്ടിഫിക്കെറുകിട്ടുന്നതിനു തഹശീൽദാരുടേയും പാർവത്യകാരുടേയും അടുക്കൽചെല്ലണം. ഇപ്രകാരം ഒരു സർട്ടിഫിക്കെറു ഡിവിഷൻ ഫാറസ്റ്റ് ആഫീസരുടെ അടുത്തു ഹാജരാക്കാതെ പണംകിട്ടാൻ സാധിക്കുകയില്ല. പണംകൊടുക്കുന്നതിൽ ഡിവിഷൻ ഫാറസ്റ്റ്ആഫീസരും കൺസർവേറരും ചുമതലക്കാരാകയാൽഅവർ വേണ്ടവിധത്തിൽ സൂക്ഷിച്ചിട്ടേ പണംകൊടുക്കുകയുള്ളൂ. ചിലപ്പോൾ ഇവർ പാർവത്യകാരുടെ സർട്ടിഫിക്കെറിനെ നിഷേധിക്കാറുണ്ട്.

MR. ITTOOP ITTEECHAN (*Kunnatnad*): മെമ്പർ പാർവത്യകാരുടെ സർട്ടിഫിക്കെറു ഹാജരാക്കി അതു ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റുകാർ നിഷേധിച്ചിട്ടുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattnamtitta*): ഞാൻ സർട്ടിഫിക്കെറു ഹാജരാക്കീട്ടുണ്ട്. നിഷേധിച്ചിട്ടുംഉണ്ട്.

MR. ITTOOP ITTEECHAN (*Kunnatnad*) : അതനുസരിച്ചു പണം കിട്ടീട്ടുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): പണം കിട്ടീട്ടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മെമ്പർ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കിൽ കുടിവില ഇനത്തിൽ എത്രയായിരം രൂപാ കൊടുക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അൻപതിനായിരമോ അറുപതിനായിരമോ തുപാ കാണും. ശരിയായ തുക എനിക്കു നിശ്ചയമില്ല. വസ്തുക്കളുടെ അവകാശത്തെ തീർച്ചപ്പെടുത്തുന്നതിനു എന്തെങ്കിലും പുതിയ ഏർപ്പാടു ഉണ്ടാക്കുന്നതുവരെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ വിഷമിക്കയേയുള്ളൂ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വസ്തുക്കളുടെ അവകാശം നിർണ്ണയിച്ചതിനുമേൽ തടി മുറിച്ചാൽ പോരേ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അങ്ങിനെ എന്തെങ്കിലും ഒരു ചട്ടം ഉണ്ടായിരുന്നു എങ്കിൽ അതു മതിയായിരുന്നു. അതിലേക്കു എന്തെങ്കിലും ഒരു മാർഗ്ഗം ഉണ്ടാക്കണമെന്നാണ് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നുവൊ പ്രതികൂലിക്കുന്നുവോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): പണം വേഗം കൊടുത്തുതീക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ അനുകൂലിക്കുന്നു.

MR. R. RAMAN PILLAI (*Kottayam*): Sir, I support the resolution. When the Forest Department cuts down teak logs from private holdings, first of all they should prepare a mahazar with the Revenue Officers and if the Department would be satisfied with the mahazar in order to pay *Kudivila*, it would have been very easy. In order to prolong payment only they say that the Tahsildar should certify. I think the intention of the Government is to delay payment as far as possible In the Budget an allotment is set apart towards the payment of *Kudivila* and the Conservator of Forests or the Forest Department will not be in a position to pay any amount over and above the sum allotted in the Budget.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Cannot the House provide a greater amount?

MR. R. RAMAN PILLAI (*Kottayam*): The members are not in a position to allow more money unless there is a demand for the same. So, what I say is that the Government are first of all at fault and that the Forest Department is not to be found fault with on that account. A few years ago, I think it was in 1094, a number of teak logs were removed from my own compound. When they were felled I applied to the Divisional Forest Officer to give the timber to me on receipt of half the price and he allowed the same. A little later he was transferred

LIBRARY ARCHIVES Kerala Legislative Assembly

from that place and another gentleman took charge of the Division. He said if trees are felled down by the contractors they are not to be given over to the Kudiyans. The prior Divisional Forest Officer asked me to pay the amount and I deposited the same in the Taluk Office and it was there for three years. After the lapse of that period I was allowed to take timber for that amount from the timber depot. Even now I have not been given the amount due to me for the trees felled from my compound. In my case the Proverticar reported to the Tahsildar and he has not yet given me the certificate. What I say is that the Kudiyans are suffering due to the fault of the Government and not of the department. So, if the learned Conservator would bring forward an amendment to this resolution that he will try his best to pay the amount of *Kudivila* by the end of next year I would ask my friend Mr. Kunjitomman to accept it. As it is, the Government side has not yet brought it and so I have no right to ask my friend to make any amendment in the resolution. With these words I support the resolution.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സർ, മി: കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും രണ്ടുവാക്കു പറയേണ്ടതായിരിക്കുന്നു. കുടിവില ഗവർമ്മെൻറിൽനിന്നും കൊടുക്കാമെന്നു തീച്ചപ്പെടുത്തിയപ്പോൾ, അതിൻറെ ശരിയായ ഗുണം പ്രജകൾ അനുഭവിക്കേണമെന്നുള്ള വിചാരമായിരുന്നു ഗവർമ്മെൻറിനുണ്ടായിരുന്നതെന്നുള്ളതു തീച്ചയാണു്. ഫോറെസ്റ്റ് കൊല്ലത്തിലധികം പഴക്കമുള്ള കുടിവില കൊടുക്കാതെ താമസിപ്പിച്ചുകൊണ്ടിരിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു ഈ വക കായ്ങ്ങളെ നിർണ്ണയിക്കുന്നതിനു സാധിക്കാത്തതായ ചില കുഴപ്പങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു എന്നാണു് ഇപ്പോഴത്തെ സാഹചര്യംകൊണ്ടു മനസ്സിലാകുന്നതു. മറു ഡിപ്പാർട്ടുമെൻറുമായുള്ള ബന്ധംനിമിത്തം—ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടുന്ന പ്രമാണങ്ങളെ വിശ്വസിക്കാനുള്ള വിശ്വാസയോഗ്യത കുറവുനിമിത്തം—അല്ലെങ്കിൽ വിശ്വസിക്കുന്നതിനുള്ള ശക്തിയില്ലായ്മനിമിത്തം—ഡിപ്പാർട്ടുമെൻറുമേധാവികൾ ഈ വക കായ്ങ്ങളിൽ ശ്രദ്ധ വേണ്ടപോലെ പതിപ്പിക്കുന്നില്ലെന്നാണു അതിൻറെഫലം പ്രത്യക്ഷമാക്കുന്നതു്. കായ്ം എങ്ങിനെയായാലും ജനങ്ങൾ സങ്കടം അനുഭവിക്കുന്നു എന്നുള്ളതു പ്രത്യക്ഷംതന്നെ. ഗവർമ്മെൻറു ജനങ്ങൾക്കു ന്യായമായി ഉണ്ടെന്നു സ്ഥാപിച്ചുകൊടുത്തതായ അവകാശം ഒരു ഡിപ്പാർട്ടുമെൻറിൻറെ അധീനതയിൽ ഇരിക്കുന്നതുകൊണ്ടു വേണ്ടവിധത്തിൽ ജനങ്ങൾക്കു നൽകാൻ കഴിയാതിരിക്കുന്നു എന്നു കാണുന്നതു പരിഹരിക്കേണ്ടതാണു. ഗവർമ്മെൻറിലേക്കു കരംകൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

അനുഭവിച്ചുവരുന്നതായ ഭൂമിയിൽ ഉടമസ്ഥന്മാർ സംരക്ഷിച്ചുവരുന്നതായ വൃക്ഷങ്ങളെ ചുമതലയില്ലാത്ത ചില ഉദ്യോഗസ്ഥന്മാർ വെന്നു നമ്പരടിച്ചു കളഞ്ഞു എന്ന കാരണത്തിന്മേൽ, ആ വൃക്ഷങ്ങളിൽ അനുഭവിക്കുത്തക്കവണ്ണമുള്ള മുളകുവള്ളികളെ മുറിച്ചുകളഞ്ഞു് ആ തടികളെ വെട്ടിക്കൊണ്ടുപോയി, ഒരു പന്തീരാണ്ടു കഴിഞ്ഞിട്ടും ന്യായമായി ചെല്ലാനുള്ള കടിവില കൊടുക്കാതെ ഡിപ്പാർട്ടുമെൻറു മേധാവികൾ ഗവർമെൻറു മുതലിനെ സംരക്ഷിക്കുന്നു എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. ഈ പ്രകാരം ഡിപ്പാർട്ടുമെൻറു മേധാവികൾ സാധുക്കളെ ദ്രോഹിക്കുന്ന നയം പരിഹരിക്കപ്പെടണം. അതു മറു ഡിപ്പാർട്ടുമെൻറുമായിട്ടുള്ള ബന്ധം കൊണ്ടായാലും മറു ഡിപ്പാർട്ടുമെൻറുകളുടെ സഹായക്കുറവു കൊണ്ടായാലും ഈ സംഗതി ഗവർമെൻറിൻെറ ശ്രദ്ധയിൽ ഗാഢമായി പതിയുകയും അതിനെ പരിഹരിക്കയും ചെയ്യേണ്ടതാണു്. ഈ സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ റസല്യൂഷൻ വളരെ സഹായിക്കുന്നുണ്ടു്. അതിനാൽ മി: കുഞ്ഞിത്തൊമ്മൻെറ പ്രമേയത്തെ ഹൃദയപൂർവം ഞാൻ അനുകൂലിക്കുന്നു.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Sir, the resolution moved by Mr. Kunjitomman and supported by Messrs. Itteechan, Kochutomman and Kuriakose clearly shows that the *kudivila* due to the public up to 1103 is to be disbursed as early as possible. The period before us is only about three months and, even granting that the resolution as it is, is passed, I am sure when it reaches the Government and the Conservator of Forests, it will be over three months. So, it will be rather a physical impossibility to act up to the scope of it.

MR. ITTOOP ITTEECHAN (*Kunnatnad*): ഗവൺമെൻറിനു പണം കൊടുത്തുതീർക്കുന്നതിൽ നേരിട്ടിരിക്കുന്ന വിഷമം പണം ഇല്ലാത്തതു കൊണ്ടാണൊ അതോ മറുവല്ല കാരണത്താലൊ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Not about the insufficiency of the money. The resolution as it is binds this Council which has a heavy responsibility to the people of the whole State. The resolution as it is, though it concerns royal trees, is not of much importance as suggested by my friend Mr. Kunjitomman. I fully support the views of Mr. Kunjitomman, but the resolution is of a silly nature.

MR. MATTHEW MURIKKAN (*Vaikam*): What does the member mean by the word 'silly'?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I say it is a physicali mpossibility as there is only three months' time for

LIBRARY ARCHIVES Kerala Legislative Assembly

carrying out the whole of the work. My friend Mr. Kochutomman says that there are certain difficulties.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Thodupuzha*): ആറുമാസത്തിനു മുമ്പായി അയച്ചിട്ടുള്ള ഒരു പ്രമേയമാണ് ഇതെന്നറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): We will simply move the resolution to bring to the notice of the Government and the Conservator of Forests the various aspects of the matter.

DEPUTY PRESIDENT: Are you moving an amendment or throwing out a suggestion?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I support the resolution as it stands.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know from the member the time that will be required to pay the amount of *kudivila* pending payment?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): It depends upon individual cases.

My friend Mr. Kunjitomman and persons who have supported the resolution have not made out a case. The complaint is only about the difficulty felt by individual members to the effect that a particular member did not get a certificate from the Tahsildar or from the Proverticar. As such, the Forest Department is not to be blamed and it is only the Revenue Department which is to be blamed. Therefore all the statements made here are inconsistent. I only request my friend to withdraw the resolution, though I support a member of the popular side.

DEPUTY PRESIDENT: What is your request?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): To withdraw the resolution.

MR. R. DHANUKOTI PILLAI (*Conservator of Forests*): Sir, this is not a new thing and it has come up almost on every occasion when the Budget was under discussion. The delay in the matter of disbursement of *kudivila* has been brought to the notice of the Council—

MR. V. J. OOMMEN (*Commerce and Industry, North*): ഇതൊരു പുതിയ സംഗതിയല്ല എന്നു കൺസർവേറാർ അവർകൾ പറഞ്ഞല്ലോ. ആ സ്ഥിതിക്ക് ഇതിനു എന്തുമാത്രം പുഴക്കമുണ്ടെന്നു പറയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): He may be able to understand it if he listens to my speech. The matter of delay with regard to the payment of *kudivila* has come up for discussion on several occasions before and as a result of that the Government have already taken action on the subject. But from what Mr. Kunjitomman has been saying an impression has been created that the Government have been rather indifferent with regard to this matter.

[At this stage the President arrived and took his seat.]

LIBRARY ARCHIVES Kerala Legislative Assembly

MR. R. DHANUKOTI PILLAI (*Conservator of Forests*) : For the information of the new members of this Council I may be permitted to give the history of this *kudivila*. It dates as far back as 1068 when the first Forest Regulation was introduced. A Committee was appointed to go into the whole question and the Government thought that 25 per cent of the net profit on teak timber may be given to the private land holders and accordingly a provision was incorporated in the Forest Regulation of 1068. But, as it always happens, it remained more or less a dead letter. There was no record to say that anybody claimed *kudivila* in those days or any amount was disbursed. When the Regulation was revised in 1086, the then Conservator Mr. Rama Rao thought that 25 per cent was too low an amount and he recommended to Government that 50 per cent of the net sale proceeds may be given.

MR. ITTOOP ITTEECHAN (*Kunnatnad*) : ഓരോ പുരയിടത്തിൽ നിന്നും അതു പതിവുള്ള പുരയിടമാണോ അല്ലയൊ എന്നു നോക്കിയാണോ തടി മുറിച്ചുകൊണ്ടുപോകുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*) : പതിവു നോക്കി തന്നേയാണു മുറിക്കുന്നതു്. മുറിക്കുമ്പോൾ പ്രവൃത്തിക്കാർക്കുടെ ഉണ്ടായിരിക്കും.

MR. ITTOOP ITTEECHAN (*Kunnatnad*) : ഈ തടികൾ അളന്നാണൊ കൊണ്ടുപോകുന്നതു് ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അതേ.

MR. ITTOOP ITTEECHAN (*Kunnatnad*) : അങ്ങനെയാണെങ്കിൽ പിന്നേ പണം കൊടുക്കാനെന്താണു് താമസം ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഏ)ന്റെ മറുപടി മുഴുവനും ശ്രദ്ധിച്ചുകേട്ടാൽ ഇങ്ങനെയുള്ള ചോദ്യം ചോദിക്കേണ്ട ആവശ്യം തന്നെ ഉണ്ടാകയില്ല.

But in 1086 in the revised Regulation 50 per cent of the net sale proceeds was provided for by way of *kudivila* to owners of lands. Somehow or other during that time also there was an increased felling of trees in private lands and no adequate steps were taken to provide for the payment of the *kudivila*. In some cases the mahazars were prepared while in other cases, mere receipts were given. But in the majority of cases no such receipts were given. During the time of Mr. Subrahmanya Aiyar the question came up before the Assembly and then it was pointed out that the arrears of *kudivila* had accumulated to an enormous amount. The Government took measures and an attempt was made to disburse the arrears of *kudivila*. Unfortunately it so happened that the applicants had neither records nor had they any proof to substantiate their claims. There were previous claimants coming forward and in one case an amount of nearly Rs. 11,000 was wrongly paid to a spurious claimant.

LIBRARY ARCHIVES Kerala Legislative Assembly

There are also one or two cases cropping up as side issues and the Government then ordered the matter of disbursement to be put a stop to till the question was finally settled. When Mr. Subrahmanya Aiyar went the amount had accumulated to about 5 to 6 lakhs of rupees. Then new rules were introduced to regulate the payment of *kudivila* and ever afterwards we have been paying the *kudivila*. When I took charge of the department the amount of *kudivila* payable was between 5 to 6 lakhs of rupees. We introduced new rules and the Account Officer also was consulted in regard to hastening the procedure and as a result of it about a little over three lakhs of rupees has been disbursed so far. The balance available for disbursement, so far as our records go, will be about a lakh and a half or so. The difficulty that we have may not be realised by some of the members on the other side. When a man puts forward his claim he has neither records nor any authentic proof. His claim is more or less in this form. 'In such and such a place so many trees from such and such a survey number belonging to me have been felled and I claim *kudivila*.' He does not know how many trees were removed, what they were sold for and what amount actually is due to him. Of course, in such cases what we do is to hunt for old records and see whether the facts stated in the petitions are true and if they are true to find out from the certificate of registry what amount those trees had fetched in the auction sales. Another difficulty is whether that man is the proper claimant or whether there will be more than one claimant for that *kudivila*. What we generally do is to refer the matter to the Tahsildars. They enquire into the claimant's claim and give us a certificate that that man is the proper claimant. By the time this certificate comes, the amount that has been given by Government has already gone into the Account Officer's bills or probably in the Treasury Officer's bills, and the Treasury in which the money has been remitted will be addressed to verify whether that amount has been really credited to the Government accounts. On that certificate the papers are gone into and a refund bill is given. In practice this is not so simple as it seems. When one man puts forward a claim there will be any number of counter claims set up by others and we have to go into the whole question once again. Apart from these, there are prudent business-like people who buy up all these *kudivila* claims. For instance, a man goes about paying paltry sums to these *kudivila* claimants and then buys a number of papers and applies to us that he has purchased the right of *kudivila* and that payment may be made to him. Sometimes such documents will number 50 and 100 and to go into the merits of these sale deeds it requires an enormous amount of patience and also a little legal acumen to see whether X who has sold his right is the proper claimant to sell such right. Very often immediately the sale is effected other people come forward and say that they have also the right to that *kudivila* and that they were not a party to such and such a transaction. Then the whole thing falls down. I have before me a case in which the right has passed six hands in the course of one and a half years and there were so many disputes between themselves that until recently they did not come to any finality. Very recently I have been told that all

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

of them are agreed that payment may be made to one man. In some cases when the Tahsildars issue certificates hurriedly there are counter claimants to say that the Tahsildar's certificate was not correctly made. In that case it has to be returned. In one case actually a mistake was committed by the Tahsildar and he has admitted the mistake. But for the counter claim we should have paid the claim to the first claimant and very possibly Government would have sustained a very heavy loss.

